# നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 22, തിങ്കൾ

വാല്യം XLVIII ] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10


നിയമസഭ 1979 ഒക്ടോബർ 22-ാംതീയതി തിങ്കളാഴ്ച രാവിലെ 9-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

## ചരമോപചാരം

### ശ്രീ. ജയപ്രകാശ് നാരായണന്റെ നിര്യാണം

മിസ്റ്റർ സ്പീക്കർ: ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീരനായകനും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവും ജന 9 a.m. കോടികളുടെ സമാരാദ്ധ്യനായ നേതാവും ആയ ശ്രീ. ജയപ്രകാശ് നാരായണന്റെ നിര്യാണം ഭാരതത്തിന് ഈ അടുത്ത കാലത്ത് നേരിട്ട ഏറ്റവും വലിയ ദുരന്തമാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം അധികാരവും സ്ഥാനമാനങ്ങളും തെല്ലും മോഹിക്കാതെ തികച്ചും ഗാന്ധിയൻ മാർഗ്ഗത്തിൽ ജനസേവനം തുടർന്ന ആദർശസമ്പന്നനും ത്യാഗധനനുമായ നേതാവായിരുന്നു അദ്ദേഹം. 1946-ലെ ഭരണഘടനാനിർമ്മാണ സമിതിയിൽപോലും അംഗമാകാൻ അദ്ദേഹം സന്നദ്ധനായില്ല. നിയമസഭകളിലേക്കോ പാർലമെന്റിലേക്കോ മൽസരിക്കാനും അദ്ദേഹം ഒരുങ്ങിയില്ല. ഭരണരംഗത്തും രാഷ്ട്രീയ മണ്ഡലത്തിലും ഉന്നതമായ പദവികൾ ലഭിക്കുവാൻ അദ്ദേഹത്തിന് നിഷ്പ്രയാസം കഴിയുമായിരുന്നുവെങ്കിലും ഒരു യതിവര്യന്റെ നിസ്സംഗതയോടെ ആ അവസരങ്ങൾ തള്ളിക്കളയുകയാണ് ചെയ്തത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ശ്രീ. ജയപ്രകാശ് നാരായണൻ അനുഷ്ഠിച്ച ധീരോദാത്തമായ സേവനങ്ങൾ കൃതജ്ഞതയോടെ ഭാരതീയ ജനത എക്കാലവും സ്മരിക്കും. മഹാത്മാഗാന്ധിയുടെ ആഹ്വാനം കേട്ട് കോളേജ് വിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ അദ്ദേഹം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പടയാളിയായിത്തീർന്നു. ചരിത്രപ്രസിദ്ധമായ ക്വിറ്റ് ഇൻഡ്യാ സമരകാലത്ത് അദ്ദേഹം ഒരു ഇതിഹാസപുരുഷനായിത്തീർന്നു. അനേകവർഷം ജയിൽവാസം അനുഭവിക്കേണ്ടിവന്ന അദ്ദേഹത്തിന് സഹിക്കേണ്ടിവന്ന മർദ്ദനങ്ങളും യാതനകളും വിവരി



LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ അസാദ്ധ്യമാണ്. അക്കാലത്ത് നെഹ്രുവിനേയും, സുഭാഷ് ചന്ദ്ര ബോസിനേയും പോലെ അദ്ദേഹം യുവജനങ്ങളുടെ ആരാധനാപാത്രമായിരുന്നു. റാം മനോഹർ ലോഹ്യ, അച്ചത്പട്വർദ്ധനൻ തുടങ്ങിയവരോടൊപ്പം അദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. "Why Socialism" എന്ന പേരിൽ ആയിരക്കണക്കിന് അദ്ദേഹം രചിച്ച പ്രബന്ധവും വിവിധ ഭാഷകളിലുള്ള അതിന്റെ പരിഭാഷകളും പതിനായിരക്കണക്കിന് ചെറുപ്പക്കാരെ സോഷ്യലിസ്റ്റ് മാർഗ്ഗത്തിലേക്ക് ആകർഷിച്ചു. ഇൻഡ്യയിലെ ഇടതുപക്ഷ കക്ഷികളിലെ മുതിർന്ന തലമുറയിലെ പല നേതാക്കൻമാരും ജയപ്രകാശിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ആശയങ്ങളിലേക്ക് ആകൃഷ്ടരായവരാണ്.

1957-ൽ രാഷ്ട്രീയം ഉപേക്ഷിച്ച അദ്ദേഹം ആചാര്യ വിനോബാഭാവെയുടെ ഭൂദാന പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കുകയും ദീർഘകാലം അതിന്റെ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തു. 1963-ൽ മാഗ്സേസെ അവാർഡിന് അദ്ദേഹം അർഹനായി. ബീഹാർ ക്ഷാമകാലത്ത് അദ്ദേഹം അനുഷ്ടിച്ച മഹത്തായ സേവനം ലോക ശ്രദ്ധയെ ആകർഷിച്ചു. ചമ്പൽക്കാടുകളിലെ ഭീകരരായ കൊള്ളക്കാരുടെ ശാന്തമായ കീഴടങ്ങലിന് ശ്രീ. ജെ. പി. ചെയ്ത സംഭാവന വിലമതിക്കാനാവാത്തതാണ്.

വിദേശാധിപത്യത്തിനെതിരെ സന്ധിയില്ലാത്ത സമരം നടത്തിയ ശ്രീ. ജെ. പി. രാഷ്ട്ര ശരീരത്തെ കാർന്നുതിന്നിരുന്ന അഴിമതി, അധികാരമോഹം എന്നീ പ്രവണതകൾക്ക് എതിരായി ശക്തിയുക്തം സമരം ചെയ്തു. സജീവരാഷ്ട്രീയത്തിൽനിന്ന് അകന്ന് സർവ്വോദയ പ്രസ്ഥാനത്തിൽ മുഴുകിയിരുന്ന അദ്ദേഹം അനാരോഗ്യവും പ്രായാധിക്യവും വകവയ്ക്കാതെ നേതൃരംഗത്തേക്ക് വീണ്ടും വരികയും സമ്പൂർണ്ണ വിപ്ലവത്തിന്റെ പ്രണേതാവായിത്തീരുകയും ചെയ്തു. ജനാധിപത്യ ഭരണം അപകടനിലയിലേക്ക് നീങ്ങുന്നു എന്ന് അദ്ദേഹത്തിന് തോന്നിയപ്പോൾ അധികാരദുർവിനിയോഗത്തിനെതിരായി അദ്ദേഹം നടത്തിയ ഐതിഹാസികമായ സമരവും അതിന്റെ വിജയകരമായ പരിസമാപ്തിയും സുവിദിതമാണ്.

മഹനീയ ഗുണങ്ങളിൽ അധിഷ്ഠിതമായ ശ്രീ. ജയപ്രകാശ് നാരായണന്റെ ജീവിതം നമുക്കേവർക്കും മാർഗ്ഗദർശകമാകേണ്ടതാണ്. ജീവിതകാലം മുഴുവൻ തന്റെ നാടിനും ജനങ്ങൾക്കുംവേണ്ടി ജീവിച്ച ആ മഹാത്മാവിന്റെ നിര്യാണം ഒരിക്കലും നികത്താനാവാത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഇൻഡ്യയിലെ പ്രമുഖ നേതാക്കളിൽ ഒരാളായ ശ്രീ. ജയപ്രകാശ് നാരായണന്റെ ചരമത്തിൽ അനുശോചിച്ചുകൊണ്ട് അങ്ങ് പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ യോജിക്കുന്നു. ശ്രീ. ജയപ്രകാശ് നാരായണന്റെ ജീവിതം സുദീർഘമായ വിജയത്തിന്റെ ധർമ്മയുദ്ധമായിരുന്നു. അമേരിക്കയിൽ സർവകലാശാല വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ അദ്ദേഹം മാർക്സിയൻ ആശയത്തിൽ ആകൃഷ്ടനായി, അതിനെ ഭാരതത്തിന്റെ കമ്മട്ടത്തിൽ കരുപിടിപ്പിച്ചുകൊണ്ട് ജനാധിപത്യസോഷ്യലിസത്തിന് അദ്ദേഹം രൂപം കൊടുത്തു. ഇൻഡ്യയിൽ ഉണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് ഇൻഡ്യ സമരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പങ്കെടുക്കുകയും ഹസാരിബാഗ് ജയിലിൽനിന്ന് പുറത്തുചാടി പത്തുമാസത്തോളം ഒളിവിൽ കഴിയുകയും ചെയ്തു. ഭാരതത്തിലെ യുവാക്കളുടെയെല്ലാം ആദർശപുരുഷനായിരുന്നു ശ്രീ. ജയപ്രകാശ് നാരായണൻ. ചമ്പൽ കാടുകളിലെ കൊള്ളക്കാരുടെ സങ്കേതത്തിലേക്ക് കടന്നുചെന്ന് ആ കൊള്ളക്കാരുടെ മാനസിക പരിവർത്തനം വരുത്താൻവേണ്ടി ശ്രീ. ജയപ്രകാശ് നാരായണൻ ചെയ്ത പ്രസംഗം ചരിത്രപ്രസിദ്ധമാണ്. അതുപോലെ അദ്ദേഹം നാഗാ വിപ്ലവകാരികളുടെ പ്രശ്നം പരിഹരിക്കുന്നതിനും വളരെയധികം പരിശ്രമിക്കുകയുണ്ടായി. കാശ്മീർ പ്രശ്നത്തിൽ ഇൻഡ്യയും, പാക്കിസ്ഥാനും തമ്മിൽ സൗഹാർദ്ദം ഉണ്ടാക്കുന്നതിനും ശ്രീ. ജയപ്രകാശ് നാരായണൻ മുൻകൈ എടുത്തത് ഭാരതചരിത്രത്തിന്റെ പ്രസിദ്ധമായ അദ്ധ്യായങ്ങളിൽ ഒന്നാണ്. അടുത്തകാലത്ത് അദ്ദേഹം ഈ രാജ്യത്തെ അഴിമതിയും അക്രമവും ഇല്ലാതാക്കാൻ ചെയ്ത ശ്രമങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കാത്തവർപോലും അദ്ദേഹത്തിന്റെ രാഷ്ട്രത്തിനുവേണ്ടിയുള്ള സേവനങ്ങളെ വിലമതിക്കുന്നു. ശ്രീ. ജയപ്രകാശ് നാരായണൻ, നെഹ്രുവിനുശേഷം ആര് എന്ന ചോദ്യത്തിന് ഒരു ഉത്തരമായിരുന്നു. എങ്കിലും സർദാർ വല്ലഭായ് പട്ടേലിന്റെ മരണത്തിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്രു അദ്ദേഹത്തെ മന്ത്രിസഭയിലേക്ക് ചേരാൻ ക്ഷണിച്ചിട്ട് അദ്ദേഹം ആ മന്ത്രിസ്ഥാനം സ്വീകരിക്കാതെ സർവോദയ പ്രസ്ഥാനത്തിലേക്കും രാഷ്ട്ര പുനർനിർമ്മാണ പ്രസ്ഥാനത്തിലേക്കും ശ്രദ്ധ പതിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം ഈ രാജ്യത്തിനുവേണ്ടി ചെയ്ത സേവനങ്ങളെ ഈ രാജ്യം ഉള്ളിടത്തോളം ഈ രാജ്യത്തെ ജനങ്ങൾ അനുസ്മരിക്കും. അദ്ദേഹത്തിന്റെ ചരമത്തിൽ ഈ സഭ ദുഃഖം പ്രകടിപ്പിച്ചതിനോട് ഞാനും യോജിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, യശശ്ശരീരനായ ശ്രീ. ജയപ്രകാശ് നാരായണന്റെ അപദാനങ്ങളെ സംബന്ധിച്ച് അങ്ങും സഭാനേതാവും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട് എന്റെ പാർട്ടിയുടെ ആദരാഞ്ജലികൾ അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദ്യമായി ഞാൻ അർപ്പിച്ചുകൊള്ളുന്നു. സംഭവബഹുലവും വർണ്ണശബളവുമായ ഒരു ജീവിതമാണ് ശ്രീ. ജെ. പി.-യുടെ നിര്യാണത്തോടുകൂടി കെട്ടടങ്ങിയത്. സർ, അങ്ങും സഭാനേതാവും ഇവിടെ പ്രസക്തമായ കാര്യങ്ങൾ പറഞ്ഞനിലയ്ക്ക് ദീർഘമായി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് എത്തിനോക്കാനോ പ്രവർത്തനങ്ങൾ വിലയിരുത്താനോ ഈ സന്ദർഭത്തിൽ ഞാൻ മുതിരുന്നില്ല. എങ്കിൽപോലും ഒന്നു രണ്ടു കാര്യങ്ങൾ പ്രത്യേകമായി എന്റെ മനസ്സിൽ വരുന്നതു പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

സർ, ഈ രാജ്യത്ത് സോഷ്യലിസം എന്ന ആശയം അൽപ്പംപോലും വന്നിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ അങ്ങനെയൊരു ആശയം പലരേയും ഞെട്ടിപ്പിച്ചിരുന്ന, ഭയപ്പെടുത്തിയിരുന്ന ഒരു കാലഘട്ടത്തിൽ സോഷ്യലിസം എന്ന ആശയത്തിന്റെ വക്താവായി ധൈര്യസമേതം മുന്നോട്ടുവന്ന ശ്രീ. ജയപ്രകാശ് നാരായണനെ ഞാൻ അനുസ്മരിക്കുന്നു. ഈ സോഷ്യലിസം എന്ന ആശയത്തിലൂടെ നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് ചെറുപ്പക്കാരെ അദ്ദേഹം ആകർഷിക്കുകയുണ്ടായി. ബ്രിട്ടീഷ് പാരതന്ത്ര്യത്തിൽ നാം കഴിയുന്ന കാലത്ത് ഈ രാജ്യത്ത് അത്തരം ആശയങ്ങളും ആ ആശയങ്ങളെ സംബന്ധിച്ചുള്ള സാഹിത്യങ്ങളും നിഷ്കൃഷ്ടമായി നിരോധിക്കപ്പെട്ടി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു എന്നുതന്നെ നമുക്കറിയാം. രണ്ടാമതായി അദ്ദേഹത്തെപ്പറ്റി അനുസ്മരിക്കുമ്പോഴും ചൂണ്ടിക്കാണിക്കേണ്ട കാര്യം നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ അദ്ദേഹം നൽകിയ അമൂല്യമായ വമ്പിച്ച സംഭാവനകളാണ്. സർ, മറ്റൊരുകാര്യം അങ്ങ് പറഞ്ഞു, പ്രത്യേകിച്ചും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മുടെ പൊതുജീവിതത്തിൽ ഉയർന്നുവന്ന സോഷ്യലിസ്റ്റ് പ്രവണതയ്ക്കും അഴിമതിക്കും എതിരായി അദ്ദേഹം വളരെ ഉച്ചത്തിൽ ധീരമായി ശബ്ദം ഉയർത്തി. അതിനുവേണ്ടി ഒരു വലിയ പ്രസ്ഥാനംതന്നെ അദ്ദേഹം പടുത്തുയർത്തി. അങ്ങനെയൊരു പ്രസ്ഥാനം പടുത്തുയർത്തിയതിനെ സംബന്ധിച്ചെല്ലാം എനിക്കോ എന്റെ കക്ഷിക്കോ തീവ്രമായ അഭിപ്രായവ്യത്യാസങ്ങളുംപോലും പല ഘട്ടത്തിലും ഉണ്ടായിരുന്നുവെങ്കിലും ഈ രാജ്യത്തെ അധികാര രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ, ഒരിക്കലും അതിന്റെ അടുത്തുപോലും പോകാതെ അകന്നുനിന്നുകൊണ്ട്; അങ്ങ് ഇവിടെ പറഞ്ഞതുപോലെ വേണമെങ്കിൽ അദ്ദേഹത്തിന് വേണ്ടുവോളം അവസരം ഉണ്ടായിരുന്നു, അഴിമതിക്കും സോഷ്യലിസ്റ്റ് അധികാര ശക്തികൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും എതിരായി ഈ രാജ്യത്ത് ഒരു കൊടുങ്കാറ്റുതന്നെ ഇളക്കിവിട്ടു എന്നത് ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും എടുത്തുപറയേണ്ട ഒരു കാര്യമാണ്. സർ, ശ്രീ. ജെ. പി.–യെപ്പോലെ ഒരു അതികായനായ നേതാവിന്റെ തിരോധാനത്തോടുകൂടി നമ്മുടെ രാജ്യത്ത് ഈ ഒരു തലമുറതന്നെ, ദേശീയ നേതാക്കളുടെ തലമുറതന്നെ—വളരെ വളരെ കൈവിരലിലെണ്ണാവുന്നവരെ കാണൂ—അസ്തമിക്കുകയാണ്. അവരിൽനിന്നും നമ്മുടെ ജനത പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ശ്രീ. ജെ. പി.–യുടെ, രാഷ്ട്രത്തിനും നമ്മുടെ ജനതയ്ക്കും വേണ്ടിയുള്ള സേവനങ്ങൾ നാം എന്നെന്നും സ്മരിക്കും. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ എന്റെ കക്ഷിക്കുവേണ്ടി ഒരിക്കൽകൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ആന്റണി: സർ, ഇൻഡ്യൻ പൊതുജീവിതത്തിലെ ഇതിഹാസപുരുഷനായി മാറിയ ശ്രീ. ജയപ്രകാശ് നാരായണന്റെ അപദാനങ്ങളെക്കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും എല്ലാം പ്രകടിപ്പിച്ച വികാരങ്ങളോട് എന്റെ കക്ഷിയും ഞാനും പങ്കുചേരുകയാണ്. സംഭവബഹുലമായ 77 വർഷത്തെ ജീവിതത്തിനിടയിൽ ശ്രീ. ജെ. പി. നയിച്ച സമരങ്ങളും അദ്ദേഹം രാജ്യത്തിന് നൽകിയ വിലപ്പെട്ട സംഭാവനകളും എല്ലാക്കാലത്തും ഇൻഡ്യയിലെ ജനങ്ങൾ സ്മരിക്കുമെന്ന വിശ്വാസക്കാരനാണ് ഞാൻ. ഒരു ഘട്ടത്തിൽ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിൽ ജെ. പി.–യുടെ ആരാധകരോ, അനുയായികളോ ആയി നിലകൊള്ളുകയും മറ്റൊരു ഘട്ടത്തിൽ അദ്ദേഹവുമായി അഭിപ്രായവ്യത്യാസത്തിൽ ഏർപ്പെടുകയും ചെയ്യാത്തവരോ ആയി ഇൻഡ്യയിലെ നേതാക്കളിൽ അധികമാരും കാണുകയില്ല. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇൻഡ്യയിലെ സ്വാതന്ത്ര്യപോരാളികൾക്കും പ്രത്യേകിച്ച് ഭാരതീയ യുവത്വത്തിനും ഏറ്റവും വലിയ പ്രചോദനകേന്ദ്രമായിരുന്നു ശ്രീ. ജെ. പി. ക്വിറ്റിൻഡ്യാ സമരത്തിന്റെ നാളുകളിൽ അദ്ദേഹം കാഴ്ചവച്ച സാഹസികമായ വിപ്ലവ പ്രവർത്തനങ്ങൾ ഇന്നും ഇൻഡ്യയിലെ ജനങ്ങളുടെ മുമ്പിൽ രോമാഞ്ചമുണ്ടാക്കുന്ന അനുഭവങ്ങളാണ്. സ്വാതന്ത്ര്യത്തിനുശേഷം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പടയാളികളായിരുന്ന എല്ലാ നേതാക്കളും, മഹാത്മജി ഒഴിച്ച് എല്ലാവരും, അധികാര രാഷ്ട്രീയത്തിന്റെ സോപാനങ്ങളിലേക്ക് തിടുക്കത്തിൽ കാലെടുത്തുവയ്ക്കാൻ ഒരുമ്പെട്ടപ്പോൾ, ഒരിക്കൽപോലും പ്രലോഭനങ്ങൾക്ക് വശംവദരാകാതെ അധികാരരാഷ്ട്രീയത്തിന്റെ അന്തഃപുരങ്ങളിൽ നിന്നും ദൂരെമാറിനിന്നുകൊണ്ട് സ്വതന്ത്ര ഇൻഡ്യ എങ്ങോട്ട് പോകണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനെക്കുറിച്ച് തനതായ അഭിപ്രായങ്ങൾ എപ്പോഴും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെല്ലാം നമുക്ക് സ്വീകാര്യമായിരുന്നിരിക്കാൻ ഇടയില്ല. പലപ്പോഴും വിയോജിപ്പുള്ളവയായിരുന്നു. ഒരു പ്രത്യേക കക്ഷിയുടെ ചട്ടക്കൂട്ടിൽമാത്രം ഒതുങ്ങിനിൽക്കാതിരുന്നതുകൊണ്ട് എപ്പോഴും സ്വതന്ത്രമായ പ്രകടനം നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മാറിമാറിവന്ന ഇൻഡ്യയിലെ ഭരണാധികാരികൾ, ഭൂരിപക്ഷം വരുന്ന ഇൻഡ്യയിലെ പട്ടിണിപ്പാവങ്ങളുടെയും തൊഴിൽരഹിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനുപകരം അധികാരരാഷ്ട്രീയത്തിന്റെ വടംവലിയിൽ കൂടുതൽ സമയം മുഴുകിപോകുകയും അതിന്റെ ഫലമായി രാജ്യം കൂടുതൽ കൂടുതൽ പിന്നോക്കാവസ്ഥയിലേക്ക് മാറുകയും തൊഴിലില്ലായ്മയും പട്ടിണിയും അഴിമതിയും രാജ്യത്ത് വർദ്ധിച്ചുവരുകയും ചെയ്യുന്ന കാഴ്ച പ്രീ. ജെ. പി.–യെ ഏറ്റവും കൂടുതൽ വേദനപ്പെടുത്തി. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അന്ത്യനാളുകളിൽ, രാജ്യത്തിന്റെ എല്ലാഭാഗത്തും വളർന്നുവന്ന അഴിമതിക്കെതിരെയും സോഷ്യൽ ഫാഡിപത്യപ്രവണതയ്ക്കെതിരെയും രാഷ്ട്രീയ കക്ഷികളുടെ അധികാരമോഹത്തിനെതിരായും എല്ലാം അദ്ദേഹം നിരന്തരമായ കുരിശുയുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ചില അഭിപ്രായങ്ങളോടെല്ലാം യോജിക്കാൻ ഞങ്ങളെപ്പോലുള്ളവർക്ക് കഴിയാതെവന്നിട്ടുണ്ട്. പക്ഷെ അദ്ദേഹം ഊന്നൽ കൊടുത്ത പൊതുജീവിതത്തിലെ പരിശുദ്ധിയെക്കുറിച്ച് ആണെങ്കിലും പാവപ്പെട്ടവന്റെ പ്രശ്നങ്ങൾക്ക് ഭരണാധികാരികൾ മുൻതൂക്കംകൊടുക്കണമെന്ന പ്രശ്നത്തിലായാലും അഴിമതിക്കെതിരെ സന്ധിയില്ലാത്ത സമരം ചെയ്യണമെന്ന കാര്യത്തിലായാലും നാമെല്ലാം യോജിക്കുന്നവരാണ്. പൊതുരംഗത്ത് കടന്നുവന്ന നാൾമുതൽ അവസാനത്തെ ശ്വാസം കഴിക്കുന്നതുവരെ ഇൻഡ്യയിലെ യുവാക്കൾക്ക് പ്രീ. ജെ. പി. ഒരു ആവേശമായിരുന്നു. അങ്ങനെ മരണംവരെ ഇൻഡ്യയിലെ യുവചേതനയെ പിടിച്ചുനിർത്താൻ കഴിഞ്ഞ അപൂർവ്വം നേതാക്കളിൽ ഒരാളാണ് പ്രീ. ജെ. പി. ഇൻഡ്യയിൽ സോഷ്യലിസത്തിനുവേണ്ടി ആദ്യമായി ഉറക്കെ സംസാരിച്ച നേതാക്കളിൽ പ്രമുഖനായിരുന്നു അദ്ദേഹം. ഇൻഡ്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ജനയിതാവാണ് അദ്ദേഹം. ഇൻഡ്യയിലെ ദേശീയപ്രസ്ഥാനമായ കോൺഗ്രസ്സിൽ നിന്നുകൊണ്ട് സോഷ്യലിസത്തിനുവേണ്ടി പടപൊരുതിയ ഒരാളാണ് അദ്ദേഹം. "Why Socialism" എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിലൂടെ സോഷ്യലിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളെക്കുറിച്ച് ഇൻഡ്യയിലെ ജനങ്ങളെ ബോധവാൻമാരാക്കാൻ അദ്ദേഹം ശ്രമിച്ചതാണ്. സോഷ്യലിസമെന്നു കേട്ടാൽ ഈ രാജ്യത്ത് ഏറ്റവും കൂടുതൽ എതിർപ്പുണ്ടായിരുന്ന കാലഘട്ടത്തിൽ, വെറുപ്പുണ്ടായിരുന്ന കാലഘട്ടത്തിൽ, സോഷ്യലിസത്തിനുവേണ്ടി ഉറക്കെ ഉറക്കെ സംസാരിച്ച പ്രീ. ജെ. പി.–ക്കുപോലും കമ്മ്യൂണിസ്റ്റുകളുടെ താളത്തിനൊത്ത് തുള്ളാതെവന്നാൽ, അങ്ങനെയുള്ള ആൾക്കാർക്ക് എന്തെല്ലാം കേൾക്കേണ്ടിവരും! ഒരുപക്ഷെ ഇൻഡ്യയിൽ ആദ്യമായി ഏറ്റവും കൂടുതൽ ശാപവർഷം കേട്ടതും പ്രീ. ജെ. പി. ആയിരുന്നു എന്നുള്ള വസ്തുത ഈ അവസരത്തിൽ വിസ്മരിക്കാൻ സാദ്ധ്യമല്ല. എന്തായാലും അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാൻ ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിപ്പ് പ്രകടിപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഓർമ്മകളും ചിന്തകളും സംഭാവനകളും നാളെയും ഇൻഡ്യൻ രാഷ്ട്രീയത്തിനും ഇൻഡ്യയിലെ പുരോഗമനവാദികൾക്കും, യുവാക്കൾക്കും ആവേശംതരുന്ന ജ്വാലയായി വർത്തിക്കട്ടെ എന്ന് ഞാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട ശ്രീ. ആൻറണിയും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പങ്കുകൊള്ളുന്നു. എനിക്ക് മറ്റു ബഹുമാന്യസുഹൃത്തുക്കളിൽനിന്നു വ്യത്യസ്തമായ ഒരു നിലപാടുണ്ട്. ഒരുപക്ഷെ മറ്റുള്ളവരുടെയെല്ലാം ആരാധനാപുരുഷനായിരിക്കാം ശ്രീ. ജെ. പി. അദ്ദേഹം എൻറെ ആത്മസുഹൃത്തും സഹപ്രവർത്തകനുമായിരുന്നു. എൻറെ രാഷ്ട്രീയജീവിതത്തിൻറെ ആദ്യഘട്ടത്തിൽ അദ്ദേഹത്തിൻറെ അടുത്ത സഹപ്രവർത്തകനായി ആറുകൊല്ലത്തോളംകാലം ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ട അവസരത്തിൽ അദ്ദേഹം ജനറൽ സെക്രട്ടറിയും ഞാൻ ജോയിൻറ് സെക്രട്ടറിമാരിൽ ഒരാളുമായി 1934-ൽ ആ സ്ഥാനം ഏറ്റെടുത്ത് ആറുകൊല്ലത്തോളം പ്രവർത്തിക്കുകയുണ്ടായി. അതുകൊണ്ട് അദ്ദേഹവുമായി എനിക്ക് വളരെയടുത്ത ബന്ധം, ബഹുമാനത്തേക്കാൾ കൂടുതൽ സ്നേഹം, ഇതെല്ലാം ഉണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. മറ്റ് പലർക്കുമെന്നപോലെ എനിക്കും അദ്ദേഹവുമായി രാഷ്ട്രീയകാര്യങ്ങളിൽ ഏറ്റു മുട്ടേണ്ടിവന്ന സന്ദർഭമുണ്ടായിട്ടുണ്ട്. പക്ഷെ ആ ആറുകൊല്ലക്കാലം ഞങ്ങൾ പ്രവർത്തിച്ചതിൻറെ ഓർമ്മ അദ്ദേഹത്തിൻറെ ജീവിതത്തിൻറെ അവസാന നിമിഷത്തിൽപ്പോലും ഉണ്ടായിരുന്നു എന്നുള്ളതിൽ ഞാൻ അനുഭവസ്ഥനാണ്. ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിലോ, മേയ് മാസത്തിലോ അദ്ദേഹം ബോംബെയിലായിരുന്ന കാലത്തു ഞാൻ അവിടെപോയി, വളരെയേറെ അവശനായിരുന്നു അദ്ദേഹം. ഇൻറൻസീവ് കെയർ യൂണിറ്റിലാണ് അദ്ദേഹത്തെ അന്ന് പാർപ്പിച്ചിരുന്നത്. സന്ദർശകരെ ആരേയും കാണുമായിരുന്നില്ല. എങ്കിലും അദ്ദേഹത്തിൻറെ ആവശ്യപ്രകാരവും ഡോക്ടരുടെ പ്രത്യേക അനുമതിയോടും എന്നെ അനുവദിച്ചു. ഞാൻ കടന്നുചെന്ന അവസരത്തിൽ സംസാരിക്കാൻ പാടില്ലത്തെ സമയം ആണെങ്കിൽപ്പോലും അദ്ദേഹം ഡോക്ടരോട് പറഞ്ഞു, ''ഇൻഡ്യയിലെ ആദ്യകാലത്തെ സോഷ്യലിസ്റ്റുകാരിൽ രണ്ടുപേരാണ് ഞങ്ങളെന്ന്.'' അദ്ദേഹത്തിൻറെ ഓർമ്മ ആ കാലത്തെക്കുറിച്ചാണ്. വളരെ സന്ദർഭങ്ങളിൽ ഞങ്ങൾ ഏറ്റു മുട്ടേണ്ടിവന്നിട്ടുണ്ടെങ്കിൽപ്പോലും ഈ ആറുകൊല്ലക്കാലത്തെ സഹപ്രവർത്തനത്തിൻറെ ഓർമ്മ അദ്ദേഹത്തിൻറെ അവസാനനിമിഷംവരെ ഉണ്ടായിരുന്നു. ഇതു മാത്രമല്ല അദ്ദേഹവും ഞാനുമായി ഏറ്റുമുട്ടേണ്ട സന്ദർഭങ്ങൾ പലതും ഉണ്ടായിരുന്നെങ്കിൽപ്പോലും അതിലേറെ സഹകരിക്കേണ്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനത്തെ സന്ദർഭങ്ങളാണ് അവസാനം 1972 മുതൽ അദ്ദേഹത്തിൻറെ മരണംവരെയുള്ള കാലഘട്ടം. 1971-72 മുതൽക്ക് അന്നത്തെ കോൺഗ്രസിൻറേയും ഗവൺമെൻറിൻറേയും നേതാവായിരുന്ന ഇന്ദിരാഗാന്ധി ഈ രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കെല്ലാം എതിരായി, ജനാധിപത്യപ്രസ്ഥാനങ്ങൾക്കെതിരായി വമ്പിച്ച ആക്രമണം നടത്തിയ അവസരത്തിൽ അദ്ദേഹം അദ്ദേഹത്തിൻറെ നിലപാടിൽ ഉറച്ചു നിന്നുകൊണ്ടും, ഞങ്ങൾ ഞങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നുകൊണ്ടും എങ്ങനെയെല്ലാം സഹകരിക്കാം എന്നുള്ള കാര്യത്തെ സംബന്ധിച്ച് ഞങ്ങൾ ചർച്ചകൾ നടത്തുകയും അക്കാലത്തുതന്നെ — 1973 കാലത്തുതന്നെ — ചുരുങ്ങിയ ചില വൃത്തങ്ങളിൽ സഹകരിക്കുകയും ചെയ്തിട്ടുണ്ട്. അതു വളർന്നിട്ടാണ് ബീഹാറിലെ സമ്പൂർണ്ണ വിപ്ലവപ്രസ്ഥാനം, തുടർന്നു അടിയന്തിരാവസ്ഥ കാലഘട്ടം, അതിനെതിരായസമരം. ഇതെല്ലാം വന്നത് — അക്കാലത്തും പല തവണ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ആ കണ്ടിട്ടുള്ളതിൽനിന്നു എനിക്ക് അദ്ദേഹത്തെക്കുറിച്ചുള്ള പ്രത്യേകമായ ഇംപ്രഷൻ, അദ്ദേഹം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽനിന്ന് ഗാന്ധിയൻ പ്രസ്ഥാനത്തിലേക്ക് പോയിയെങ്കിലും ആ സർവോദയപ്രസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും അദ്ദേഹം ജനാധിപത്യത്തിന്റെ, ജനാധിപത്യ രാഷ്ട്രീയത്തിന്റെ കൊടി ഉയർത്തിപിടിക്കുകയായിരുന്നു. ഇന്ദിരാസോഷ്യലിസത്തിനെതിരായിട്ടുള്ള സമരത്തിന്റെ കാര്യത്തിൽ സർവ്വോദയനേതാവായ ശ്രീ. വിനോബാഭാവേയും മറ്റൊരു സർവ്വോദയനേതാവായ മുൻസോഷ്യലിസ്റ്റുകാരനായ ശ്രീ. ജെ. പി. യും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസവും അതു വളർന്നതുമെല്ലാം നമുക്കറിയാവുന്നതാണ്. അങ്ങനെ ആദ്യകാലത്തു സോഷ്യലിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും പിന്നീട് അവസാനം സോഷ്യലിസത്തിനെതിരായിട്ട് ജനാധിപത്യത്തിന്റെ കൊടി ഉയർത്തിപിടിക്കുന്നതിലും അദ്ദേഹവുമായി സഹകരിക്കാൻ കഴിഞ്ഞു. എനിക്ക് അദ്ദേഹത്തിന്റെ നിര്യാണം വെറും ഒരു നേതാവിന്റെ നിര്യാണം മാത്രമല്ല എന്റെ ആത്മാർത്ഥസുഹൃത്തായിട്ടുള്ള ഒരാളിന്റെ വിയോഗവും കൂടിയാണ്. ആ നിലയ്ക്കുകൂടി അങ്ങും മറ്റു ബഹുമാന പ്പെട്ട പാർട്ടിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പങ്കു കൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ശ്രീ. ജെ. പി. യുടെ നിര്യാണം നമ്മളെല്ലാം പ്രതീക്ഷിച്ചിരുന്നതാണെങ്കിൽപോലും അദ്ദേഹത്തിന്റെ അന്ത്യം നമ്മെയെല്ലാം അഗാധമായ ദുഃഖത്തിലാഴ്ത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമരകാലത്തു അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചും മറ്റും ഇവിടെ പലരും പറയുകയുണ്ടായി. ഇൻഡ്യയിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ഇത്രയധികം ക്രൂരമായ മർദ്ദനം സഹിക്കേണ്ടിവന്ന മറ്റൊരു നേതാവ് ഉണ്ടായോയെന്ന് എനിക്ക് സംശയമാണ്. അദ്ദേഹം കഠിനമായ മർദ്ദനങ്ങളും ഏറ്റുകൊണ്ട് അതിരില്ലാത്ത ത്യാഗം സഹിച്ചുകൊണ്ട് ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി. കഴിഞ്ഞ സമരകാലഘട്ടത്തിൽ ഗാന്ധിജിയും, നെഹ്റുവും, ആസാദും ഉൾപ്പടെയുള്ള നേതാക്കൻമാരെ ബന്ധനത്തിലിട്ടതിനുശേഷം ഇൻഡ്യയിലെ സ്വാതന്ത്ര്യസമരസേനാനികൾക്ക് നേതൃത്വം കൊടുക്കാൻ ഒരു നേതാവ് ജയിലിനു പുറത്തു ഇല്ലാത്ത അവസരത്തിലാണ് അദ്ദേഹം ജയിൽചാടി പുറത്തുവന്നു കോടിക്കണക്കിനു യുവാക്കൾക്ക് ആവേശം നൽകി ധീരമായി നേതൃത്വം നൽകിക്കൊണ്ട് ഇൻഡ്യയെ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ചത്. ആ കാലം ഒരിക്കലും നമ്മുടെ മനസ്സിൽനിന്നു പോവുകയില്ല. ഒരു പട്ടാള ഉദ്യോഗസ്ഥന്റെ വേഷത്തിൽ കോഴിക്കോട്ട് വന്ന അദ്ദേഹത്തിന്റെ രൂപം ഞാൻ ഇന്നും ഓർക്കുകയാണ്. "August Ninth" എന്ന ബുള്ളറ്റിനിൽകൂടെ ഇൻഡ്യയിലെ സ്വാതന്ത്ര്യസമരഭടൻമാർ കാലാകാലങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകൾ വിശദീകരിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആ കാലഘട്ടം എന്നെപ്പോലെയുള്ള സാധാരണ സന്നദ്ധഭടൻമാരെ സംബന്ധിച്ചിടത്തോളം ആവേശം കൊള്ളിക്കുന്ന ഒന്നാണ്. കോൺഗ്രസ്സിന്റെ ചരിത്രത്തിൽ തന്നെ അദ്ദേഹത്തെ പങ്കാളിയാക്കിയ ഒരു അവസരം ഞാൻ ഓർക്കുകയാണ്. മഹാനായ നെഹ്റു കോൺഗ്രസ് പ്രസിഡൻറ് ആയിരുന്ന അവസരത്തിൽ ഒരു സോഷ്യലിസ്റ്റുകാരനെ കോൺഗ്രസ്സിന്റെ ഏറ്റവും സമുന്നതമായ സ്ഥാനത്തേക്ക്, വർക്കിങ്ങ് കമ്മിറ്റിയിലേക്ക്, എടുത്ത അവസരത്തിൽ ഇൻഡ്യയിൽ രാഷ്ട്രീയ കോളിളക്കമുണ്ടായി. ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനെ കോൺഗ്രസ്സിന്റെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവന്നുവെന്നുള്ളതിന്റെ പേരിൽ നെഹ്റുവിനെ ആക്ഷേപിക്കാൻ മുതിർന്ന ഒരു തലമുറയാണ് അന്നുണ്ടായിരുന്നത്. ഗാന്ധിജിയുടെ ശക്തമായ പിന്തുണ നെഹ്റുവിന് ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ആ നടപടിയെ അന്നുണ്ടായിരുന്നവർ പൊറുക്കുകയാണ് ചെയ്തത്. പല

LIBRARY ARCHIVES Kerala Legislative Assembly

നിലയിലും ഇൻഡ്യയെ പുരോഗമന ചിന്താഗതിയിലേക്ക് ഉയർത്തിയെടുക്കാൻ ശ്രീ. ജെ. പി. വിലപ്പെട്ട സംഭാവനകളും നൽകിയിട്ടുണ്ട്. ഇവിടെ ''വൈ സോഷ്യലിസം'' എന്ന പുസ്തകത്തെ കുറിച്ച് പലരും പരാമർശിച്ചു. ആ ഗ്രന്ഥത്തിൽ എഴുതിയ പലതിനേയും തിരുത്താൻ അദ്ദേഹം തയ്യാറായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തേയും, ഗാന്ധിയുടെ കാൽപ്പാടുകളേയും പിന്തുടരാൻ തീരുമാനിച്ച അവസരത്തിൽ ഗാന്ധിയൻ സമീപനത്തെ നിശിതമായി വിമർശിച്ച 'വൈ സോഷ്യലിസ'മെന്ന ഗ്രന്ഥത്തിലെ ട്രസ്റ്റി ഷിപ്പ് സിദ്ധാന്തം ഉൾപ്പെടെയുള്ള പലതിനേയും വിമർശിച്ച ആ ഗ്രന്ഥത്തിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഒരു സർവ്വോദയനേതാവ് എന്നുള്ള നിലയിൽ ശ്രീ. ജെ. പി. യെ കാണാൻ കഴിഞ്ഞത്. ജീവിതത്തിന്റെ കാലഘട്ടത്തിൽ മാറ്റങ്ങൾക്കനുയോജ്യമായ നിലയിൽ നിലപാടുകളെ പുനഃപ്പരിശോധിക്കുകയും രാജ്യത്തിനനുയോജ്യമായ നിലയിൽ ഭേദഗതി വരുത്താൻ മുതിരുകയും ചെയ്തിട്ടുണ്ട്. അനുധമായ ഒരു കാഴ്ചപ്പാടിലൂടെയല്ല അദ്ദേഹത്തിനു സോഷ്യലിസത്തെ കാണാൻ സാധിച്ചത്. ഒരുപക്ഷേ അതുകൊണ്ടുതന്നെയായിരിക്കാം ശ്രീ. നമ്പൂതിരിപ്പാട് ഇവിടെ പറഞ്ഞതുപോലെ ആറുവർഷക്കാലത്തെ പ്രവർത്തനത്തെക്കുറിച്ച് സ്മരിക്കാനിടയായത്. ശ്രീ. നമ്പൂതിരിപ്പാടും അദ്ദേഹവുമായി വേർപിരിയേണ്ടിവന്നിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ശ്രീ. ജയപ്രകാശ് നാരായണനെ കുറിച്ച് ആലോചിക്കുമ്പോൾ നമ്മുടെ മനസ്സിൽ കാണുന്നത് സ്വാതന്ത്ര്യസമരത്തിലെ സമുന്നതനായ, പതറാത്ത, ധീരനായ യോദ്ധാവിനെയാണ്. സ്വതന്ത്ര ഇൻഡ്യയിൽ ഗാന്ധിയൻ കാഴ്ചപ്പാടിലൂടെ രാജ്യത്തെ മുന്നോട്ട് നയിക്കാൻ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. വളരെയേറെ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിലും ഈ രാജ്യത്തിനു മഹത്തായ സംഭാവന നൽകിയിട്ടുള്ള സമുന്നതനായ നേതാവ് എന്നുള്ള നിലയിൽ സ്വാതന്ത്ര്യസമരത്തിലെ കരുത്തനായ നേതാവ് എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ വേർപാട് ഇൻഡ്യയെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിയേയും ദുഃഖത്തിലാഴ്ത്തുന്നതാണ്. ആ സമുന്നതനായ ആദരണീയനായ നേതാവിന്റെ ദേഹവിയോഗത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. ബേബി ജോൺ: സർ, സ്വാതന്ത്ര്യസമരത്തിലെ അതികായൻമാരിലൊരാളായിരുന്നു ശ്രീ. ജയപ്രകാശ് നാരായണൻ എന്നത് അവിതർക്കിതമായ കാര്യമാണ്. ആ തലമുറയിൽ ഇനി വളരെക്കുറച്ചാളുകളും മാത്രമേ ജീവിച്ചിരിപ്പുള്ളൂ. സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം വഹിച്ച പങ്കും ഇൻഡ്യയിലെ യുവാക്കൾക്ക് നൽകിയ നേതൃത്വവും എന്നും സ്മരിക്കപ്പെടേണ്ടിയിരിക്കുന്നു. ഐതിഹാസികമായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ക്വിറ്റ് ഇൻഡ്യാ സമരകാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ആ വിധത്തിലുള്ളവയായിരുന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു ഏതു ദൂരംവരെ പോകേണ്ടിവന്നാലും ഏതു ത്യാഗം ചെയ്താലും അധികമാവില്ലെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു. രാജ്യത്തെയൊട്ടാകെ ആഹ്വാനം ചെയ്തു. സാഹസിക പ്രവർത്തനങ്ങളും ധാരാളമായി നടന്നു. അതിന്റെയെല്ലാംകൂടി ഫലമായിട്ടാണ് നമുക്ക് പിൽക്കാലത്തു സ്വാതന്ത്ര്യം ലഭിക്കാനിടയായത്. അങ്ങനെ അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമായിരുന്നു. അതിനെക്കാളും കൂടുതലായി പ്രാധാന്യം ഞാൻ കാണുന്നതു് ആ കാലത്തു സോഷ്യലിസ്റ്റ് ആശയങ്ങളെ സംബന്ധിച്ച് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെയാണ്. സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകിയ കോൺഗ്രസ്സിൽ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ആശയക്കാരുണ്ടായിരുന്നുവെന്നു നമുക്കറിയാം. പരസ്പരം യോജിക്കാൻ സാധിക്കാത്ത വിഭിന്നാശയങ്ങളുള്ളവരെല്ലാം സ്വാതന്ത്ര്യം എന്ന പൊതുമുദ്രാവാക്യത്തിന്റെ പേരിൽ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. അവരെ കൂട്ടിയിണക്കിയിരുന്ന ഏക മുദ്രാവാക്യം സ്വാതന്ത്ര്യമായിരുന്നു; സ്വാതന്ത്ര്യ സമരമായിരുന്നു. അന്ന് ആ സമരത്തിനു നേതൃത്വം നൽകിയിരുന്നവരിൽ, എന്റെ സ്നേഹിതൻ ശ്രീ. കരുണാകരൻ സൂചിപ്പിച്ചതുപോലെ, സോഷ്യലിസം എന്നതിനോട് ഭയങ്കരമായ എതിർപ്പുള്ളവരുമുണ്ടായിരുന്നു. സോഷ്യലിസ്റ്റ് ആശയഗതിയോട് ആനുകൂല്യമോ താൽപര്യമോ കാണിക്കാൻ സാധിക്കാത്ത ഒരു കാലഘട്ടത്തിൽ ആ ആശയഗതി ഇൻഡ്യയിൽ അദ്ദേഹം പ്രചരിപ്പിച്ചു എന്നുള്ളത് തീർച്ചയായും മഹത്തായ ഒന്നായിട്ടാണ് ഞാൻ കാണുന്നത്. രാജ്യം എങ്ങനെ വളരണം എന്നാലോചിച്ചുകൊണ്ട്, സ്വാതന്ത്ര്യം അധികാരക്കൈമാറ്റത്തിൽമാത്രം ഒതുങ്ങിനിൽക്കരുതെന്നു കണ്ടുകൊണ്ട്, സ്വതന്ത്ര ഇൻഡ്യ ഏതു രൂപത്തിലുള്ളതായിരിക്കണമെന്ന വ്യക്തമായ ധാരണയോടുകൂടി, ആ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽത്തന്നെ, ആ സംഘടനയിൽ നിന്നുകൊണ്ടുതന്നെ, വ്യക്തമായ രൂപം നൽകാൻ, ആശയം നൽകാൻ, അദ്ദേഹത്തിനു കഴിഞ്ഞു. ആ കാലത്തു ഇൻഡ്യയിൽ വളർന്നുവന്ന സോഷ്യലിസ്റ്റുശക്തികളും ഇടതുപക്ഷശക്തികളും എല്ലാംതന്നെ അദ്ദേഹത്തിന്റെ ആ സംഭാവനകൊണ്ടും ആ വളർച്ചയ്ക്കും സഹായകമായിരുന്നുവെന്നാണ് എന്റെ വിശ്വാസം. അധികാരം കിട്ടിയ അവസരത്തിൽ അതിൽനിന്നു മാറിനിന്നുകൊണ്ട് വീണ്ടും പൊതുജീവിതത്തിന്റെ പരിശുദ്ധിക്കുവേണ്ടി ആലോചിക്കുകയായിരുന്നു അദ്ദേഹം. "Why Socialism" എന്ന ഗ്രന്ഥത്തിൽക്കൂടി പ്രചരിപ്പിച്ച ആശയത്തിൽനിന്നു വ്യതിചലിച്ചിട്ട് അന്ന് പ്രചരിച്ചിരുന്ന മറ്റൊരാശയത്തിലേക്ക് കടന്നുപോയെങ്കിലും അന്ന് ആദ്യകാലങ്ങളിൽ അദ്ദേഹം പ്രചരിപ്പിച്ച സോഷ്യലിസ്റ്റ് ആശയം ശക്തിയാർജ്ജിച്ചു ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്.

അദ്ദേഹം എല്ലാ കാലങ്ങളിലും തന്റെ വിശ്വാസത്തിനനുസരണമായ കാര്യങ്ങളും നേടിയെടുക്കാൻ സമരങ്ങളും നടത്തിയിട്ടുണ്ട്. സോഷ്യലിസ്റ്റ് ആധിപത്യഭരണസംവിധാനത്തിനെതിരായി ഐതിഹാസികമായ സമരങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്. ജനാധിപത്യസംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്.

അങ്ങനെ നോക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിലെ ഒരതികായൻ, ഇൻഡ്യയിൽ സോഷ്യലിസം പ്രചരിപ്പിക്കുന്നതിനു നേതൃത്വം നൽകിയ മഹാനായ നേതാവ്, എന്നും ജനാധിപത്യമൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി പടപൊരുതിയിട്ടുള്ള ബഹുമാന്യനായ നേതാവ് എന്നീ നിലകളിൽ ശ്രീമാൻ ജെ. പി. യുടെ വേർപാട് ഇൻഡ്യയ്ക്ക് നികത്താനാവാത്ത വേർപാടാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ എന്റെ പാർട്ടിയുടെ ആദരാഞ്ജലികളും ഞാനർപ്പിക്കുന്നു.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: സർ, യശശ്ശരീരനായ ജയപ്രകാശ് നാരായണനെ അനുസ്മരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കൻമാരും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പടയാളിയെന്ന നിലയിൽ പൊതുരംഗത്ത് പ്രവർത്തനമാരംഭിച്ച് വിദ്യാർത്ഥിയായിരുന്ന കാലം മുതൽ മരണംവരെ ഒരു വിപ്ലവകാരിയായി ജീവിച്ച ശ്രീ. ജയപ്രകാശ് നടത്തിയ സേവനത്തിന്റെ കാര്യത്തിലേക്കൊന്നും ഞാനിപ്പോൾ കടക്കാനാഗ്ര

LIBRARY ARCHIVES Kerala Legislative Assembly

ഹിക്കുന്നില്ല. അധീകാരദുർമ്മോഹത്തിന്റെ പ്രവർത്തനങ്ങളും ഏത് സന്ദർഭത്തിൽ ആരിൽ നിന്നുണ്ടായാലും മുഖം നോക്കാതെയെതിർക്കുന്ന മനോഭാവത്തോടുകൂടി, സ്വന്തം ജീവനേക്കാളും രാജ്യത്തെയും ജനങ്ങളേയും സ്നേഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യപ്രക്ഷോഭണ കാലത്ത്, ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ തലയ്ക്ക് വിലപറഞ്ഞിരുന്ന കാലത്തുപോലും, തന്റെ ജീവനെ തൃണവൽഗണിച്ചുകൊണ്ട് സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി അദ്ദേഹമനുഷ്ഠിച്ച സേവനങ്ങളും ധീരോദാത്തമായ നിലപാടുകളും അറിയാത്തവരായി ആരുമില്ല. അദ്ദേഹത്തെ അനുസ്മരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രാജ്യത്തിന്റെ മുൻപോട്ടുള്ള പോക്കിനെപ്പറ്റി ചിന്തിക്കേണ്ടതു വളരെയാവശ്യമാണ്. അധികാരദുർമ്മോഹംകൊണ്ട് ശിഥിലീകരണചിന്താഗതിയോടുകൂടി പോകുന്ന പോക്ക്, ഭാരതം എന്തിനുവേണ്ടി സ്വതന്ത്രമായോ ആ ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് നാശത്തിലേക്ക് പോകുന്ന പോക്ക്, കണ്ടിട്ട് വളരെയധികം മനോവേദനയനുഭവിച്ച വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തെ അംഗീകരിക്കുന്ന–നമുക്കെല്ലാവർക്കും അദ്ദേഹം കാണിച്ച–നല്ല മാർഗ്ഗങ്ങളെ അംഗീകരിച്ചുകൊണ്ട് ഭാരതത്തിന്റെ ഭാവിക്കുവേണ്ടി, ജനനൻമയ്ക്കുവേണ്ടി, പ്രവർത്തിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാലടികളെ പിൻതുടരാം എന്നുമാത്രം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ കക്ഷിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. യു. എ. ബീരാൻ: സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട, സഭാനേതാവും മറ്റംഗങ്ങളും യശഃശരീരനായ ജയപ്രകാശ് നാരായണന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടും അദ്ദേഹത്തിന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ടും ചെയ്ത പ്രസ്താവനകളോട് എന്റെ പാർട്ടിയും ഞാനും പരിപൂർണ്ണമായി യോജിക്കുകയാണ്. അദ്ദേഹം ഒരു വിവാദ പുരുഷനായിരുന്നു; യുഗപ്രഭാവനായ ഒരു വിവാദപുരുഷൻ. അദ്ദേഹത്തെപ്പറ്റി പല ഘട്ടങ്ങളിലുണ്ടായിട്ടുള്ള രാഷ്ട്രീയവും തത്വശാസ്ത്ര സംബന്ധിയും മറ്റുമായ വാദപ്രതിവാദങ്ങളിലേക്ക് ഞാൻ പ്രവേശിക്കുന്നില്ല. അതു അപ്രസക്തവുമാണ്. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ചില അനുഭവങ്ങളുണ്ട്. അതുമാത്രം ഇവിടെ പറയാനാഗ്രഹിക്കുകയാണ്.

ഏകദേശം നാൽപ്പതുകൊല്ലം മുൻപ്, 1938–ൽ ആണെന്നു തോന്നുന്നു ജയപ്രകാശും അദ്ദേഹത്തിന്റെ പത്നി പ്രഭാവതി ദേവിയും എന്റെ നാട്ടിൽ വൈദ്യരത്നം പി. എസ്. വാര്യരുടെ ആര്യവൈദ്യശാലയിൽ ചികിൽസയ്ക്ക് വരികയുണ്ടായി. അന്ന് ഞാൻ എട്ടുംപൊട്ടും തിരിയാത്ത ഒരു എട്ടാംതരം വിദ്യാർത്ഥി ആയിരുന്നു. ചികിൽസ കഴിഞ്ഞ് ജയപ്രകാശ് തിരിച്ചുപോകുന്ന സന്ദർഭം വന്നപ്പോൾ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം അവിടെ വലിയ ഒരു യോഗം നടന്നു. ഒരു പൊറിയ വിദ്യാർത്ഥി എന്ന നിലയ്ക്ക് ഞാനും അതിൽ സംബന്ധിച്ചു. രാജ്യത്ത് പാവപ്പെട്ട ആളുകളുടെ അടിമത്തം അവസാനിപ്പിച്ച് അവരെ സ്വതന്ത്രരും സമൻമാരുമാക്കണമെന്ന് അദ്ദേഹം അന്ന് പ്രസംഗിച്ചത് അവ്യക്തമായിട്ടാണെങ്കിലും ഞാൻ ഇന്നും ഓർക്കുകയാണ്. തുടർന്ന് 1941–ൽ എന്റെ നാട്ടിനടുത്ത് ആസാദ് നഗർ എന്ന സ്ഥലത്ത് സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമ്മേളനം നടന്നു. അവിടേയ്ക്ക് കോട്ടയ്ക്കൽനിന്ന് ഒന്നര നാഴിക ദൂരമുണ്ട്. അവിടെ നിര്യാതനായ ബഹുമാനപ്പെട്ട മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ ഞങ്ങളെല്ലാം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന് ഒരു റോഡുണ്ടാക്കി. ''ജയപ്രകാശ് റോഡ്'' എന്നായിരുന്നു ആ റോഡിന്റെ പേര്. ആ സമ്മേളനത്തിലേക്ക് അന്ന് ഇഫ്ത്തിഖാറുദ്ദീൻ വന്നിരുന്നു. തിരൂരിൽനിന്ന് വണ്ടിയിറങ്ങി കോട്ടയ്ക്കൽ വന്നശേഷം അവിടെ ''സുബാഷ് ഗേറ്റ്'' കടന്ന് ജയപ്രകാശ് റോഡിലൂടെ അദ്ദേഹത്തിന്റെ കാറിനു പോകാൻ കഴിയാതെ വന്നപ്പോൾ കുട്ടികളായ ഞങ്ങൾ കാറുന്തുവീൻ, കാറുന്തുവീൻ എന്ന് വിളിച്ചുകൊണ്ട് ജയപ്രകാശ് റോഡിലൂടെ കാറുന്തിക്കൊണ്ട് പോയതും മറ്റും ഞാൻ ഓർമ്മിച്ചുപോകുന്നു. ആ ഘട്ടങ്ങളെല്ലാം ഓർക്കുന്നതോടൊപ്പം ജയപ്രകാശിന്റെ പ്രസംഗങ്ങളുടെ പ്രതിധ്വനി അവ്യക്തമായിട്ടാണെങ്കിലും എന്നിൽ അവശേഷിക്കുന്നു. അദ്ദേഹത്തിന്റെ തത്വശാസ്ത്ര സംബന്ധിയായ അഭിപ്രായങ്ങളെ എന്തായാലും, അദ്ദേഹം യുഗപ്രഭാവനായ ഒരു വിപ്ലവപുരുഷനായിരുന്നു അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെ പാർട്ടിക്കും എനിക്കുമുള്ള അഗാധമായ അനുശോചനം അറിയിച്ചുകൊള്ളുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും പരിപൂർണ്ണമായി യോജിക്കുകയാണ്. ഇർധ്യയുടെ സദാചാരമൂല്യങ്ങളുടെ പ്രതീകമായിരുന്ന ശ്രീ. ജെ. പി. യുടെ മരണത്തോടുകൂടി ഭാരതവും ലോകവും ഒന്നുകൂടി ദരിദ്രമായി. ഇൻഡ്യയുടെ ധാർമ്മിക മനസാക്ഷിയെ തട്ടിയുണർത്തിക്കൊണ്ട് അദ്ദേഹം ഇടയ്ക്കിടക്ക് സ്വാതന്ത്ര്യത്തിനുമുമ്പും അതിനുശേഷവും കൊടുങ്കാറ്റ് ഉയർത്തിയിട്ടുണ്ട്. ഐതിഹാസികമായ പല പോരാട്ടങ്ങൾക്കും അദ്ദേഹം നേതൃത്വം കൊടുത്തിട്ടുണ്ട്, സാക്ഷി നിന്നിട്ടുണ്ട്. 1973–74–ൽ അദ്ദേഹം ഇൻഡ്യൻ ജനതയോട് നടത്തിയ ആഹ്വാനം പ്രത്യേകിച്ചും യുവജനങ്ങളോട് നടത്തിയ ആഹ്വാനം, ഗാന്ധിജിയെ സാക്ഷിനിറുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ആദർശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം നടത്തിയ നീക്കങ്ങൾക്കുണ്ടായ പ്രതികരണം ഇവയെല്ലാം ഞാൻ പ്രത്യേകം എടുത്തുപറയേണ്ട കാര്യമില്ല. 1974–ൽ എറണാകുളത്ത് വന്നപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സുദീർഘമായ പ്രസംഗം കേൾക്കാൻ പോയിരുന്നു. സമ്പൂർണ്ണവിപ്ലവത്തെപ്പറ്റി കേൾക്കാനാണ് പോയത്. പല ആശയങ്ങളോടും പൂർണ്ണമായി യോജിക്കാൻ കഴിയുകയില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉടനീളം ഉയർത്തിക്കാട്ടിയ ഒരു കാര്യം ഇന്നും ഭാരതത്തിന്റെ മുമ്പിൽ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇൻഡ്യയെ കാർന്നുതിന്നുന്ന, ഇൻഡ്യയിലെ പാവപ്പെട്ടവരെ കാർന്നുതിന്നുന്ന, ഇൻഡ്യൻ രാഷ്ട്രീയത്തെ നശിപ്പിക്കുന്ന, ഇൻഡ്യൻ സമൂഹത്തെ വിലകുറഞ്ഞതാക്കിത്തീർക്കുന്ന ഒന്ന് ഇന്ന് നമ്മുടെ ഇടയിലും സാമൂഹ്യ-രാഷ്ട്രീയ-മണ്ഡലങ്ങളിലും ഉള്ള അഴിമതിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വാദഗതി ഞാൻ അന്ന് വൈകുന്നേരം അദ്ദേഹവുമായി ഒരു കൂടിക്കാഴ്ച നടത്തി. യൂത്തു ഫ്രണ്ടിന്റെ പ്രസിഡൻറ് എന്നുള്ള നിലയിൽ അരമണിക്കൂർ സംസാരിക്കാൻ ഇടയായി. അദ്ദേഹത്തിന്റെ പ്രസംഗത്തിലും സംഭാഷണത്തിലും മാറ്റൊലിക്കൊണ്ട ആശയങ്ങൾ ഇന്നും എന്റെ മനസിൽ ഉയർന്നു നിൽക്കുന്നുണ്ട്. ജെ. പി. യും, ഗാന്ധിജിയും മരിച്ചെങ്കിലും നമ്മുടെ മനഃസാക്ഷിയെ തട്ടിയുണർത്തുന്നതിന് അവർ മരിച്ചിട്ടും ജീവിച്ചിരിക്കുകയാണ്. ഇൻഡ്യയിൽ വളരെ ഭോശമായിക്കൊണ്ടിരിക്കുന്ന പല സ്ഥിതികളും നന്നാക്കുന്നതിന് അവരുടെ സ്മരണ തീർച്ചയായും ഉതകുമെന്ന കാര്യത്തിൽ സംശയമില്ല. ആറാം ലോകസഭ അദ്ദേഹത്തിന്റെ സൃഷ്ടിയായിരുന്നു. അതേ ലോകസഭയ്ക്ക് അദ്ദേഹം മരിച്ചതിനുശേഷം അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്നതിനും ആദരാഞ്ജലികൾ അർപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചില്ല. മാർച്ച് 22-ാം തീയതി അദ്ദേഹം മരിച്ചു എന്ന വാർത്തയും, ആറാം ലോകസഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചതും, അനുശോചനം രേഖപ്പെടുത്തിയതും വിധിവൈപരീത്യം എന്നുമാത്രമേ പറയാനുള്ളു. ശ്രീ. ജെ. പി. മരിച്ചെങ്കിലും വരുന്ന കാലങ്ങളിൽ മഹാത്മജിയെപ്പോലെതന്നെ അദ്ദേഹവും ഭാരതത്തിലെ വരുന്ന തലമുറയ്ക്ക് ആവേശമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ചമ്പൽകാടുകളിലെ കൊള്ളക്കാരെ കീഴടക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ ആഹ്വാനം എന്തുമാത്രം ഫലപ്രദമായി എന്ന് നമുക്കറിയാം. 1974-ൽ ജനദ്രോഹികളായ ജനനേതാക്കൻമാരെ, എം. പി. മാരേയും, എം. എൽ. എ. മാരേയും തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്കുണ്ടെന്ന ആഹ്വാനം യുവജനങ്ങൾ ഉൾക്കൊള്ളുകയും ഗുജറാത്തിലെ പല എം. എൽ. എ. മാരേയും മൊട്ടയടിച്ച് റോഡിലൂടെ നടത്തിക്കുകയും അവരെക്കൊണ്ട് രാജിവയ്പിക്കുകയും ചെയ്തു. ആ ഗവൺമെന്റുതന്നെ രാജിവച്ചു. ഇൻഡ്യയിലെ ഒരു വലിയ വിപ്ലവത്തിന്റെ തുടക്കമായിരുന്നു അത്. ജനസാമാന്യം ഇതുപോലുള്ള നിസ്വാർത്ഥ നേതാക്കൻമാർക്ക് എന്തുമാത്രം വിലകൊടുക്കുന്നു എന്നുള്ളതിന്റെ തെളിവായിരുന്നു അത്. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ വളർന്നു വരുന്ന തലമുറയ്ക്ക് ആവേശമായിരിക്കുമെന്നും അതേ സാധാരണജനങ്ങളുടെ പ്രശ്നപരിഹാരത്തിന് ഉതകുമെന്നും അനുസ്മരിപ്പിച്ചുകൊണ്ട് ഈ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളിൽ പങ്കുചേർന്നുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ജെ. പി. യുടെ നിര്യാണത്തിൽ ഈ സഭയിലെ എല്ലാ വിഭാഗങ്ങളും ഇതുവരെ പ്രകടിപ്പിച്ചതായ വികാരങ്ങളോട് എന്റെ പാർട്ടിയും ഞാനും പരിപൂർണ്ണമായി യോജിക്കുകയാണ്. അദ്ദേഹത്തിന് കേരളനിയമസഭയുടെ ആദരാഞ്ജലികൾ അർപ്പിക്കാൻ സാധിച്ചതിൽ എനിക്ക് വളരെയധികം സന്തോഷവും അഭിമാനവും ഉണ്ട്. കഴിഞ്ഞതവണ ഈ സഭ പിരിയുന്നതിന് ഏതാനും മണിക്കൂറുകൾക്കുമുമ്പ് ശ്രീ. ജെ. പി. മരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ നിര്യാണവാർത്ത അംഗങ്ങളായ ഞങ്ങൾക്ക് ഈ സഭയിൽനിന്ന് പുറത്തുപോയതിനുശേഷമാണ് കേൾക്കാൻ കഴിഞ്ഞത്. എന്തോ ചില കാരണങ്ങളാൽ ഞങ്ങൾക്ക് നേരത്തെ അറിയാൻ സാധിച്ചില്ല. ഇന്ന് ഈ സഭയ്ക്ക് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാൻ സാധിച്ചിരിക്കുകയാണ്. വിദേശാധിപത്യത്തിൽനിന്നുമുള്ള മോചനത്തിനുവേണ്ടി മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ശ്രീ. ജെ. പി. മുന്നണിപടയാളിയായിരുന്നു. കൊള്ളങ്ങൾക്കുശേഷം സ്വേച്ഛാധിപത്യം അവസാനിപ്പിക്കാൻ വേണ്ടി ഒരു രണ്ടാം സ്വാതന്ത്ര്യസമരം ഭാരതത്തിൽ നടത്തേണ്ടതായി വന്നു. അതിന്റെ നായകൻ ശ്രീ. ജെ. പി. ആയിരുന്നു. അദ്ദേഹത്തിനു അനുഭവിക്കേണ്ടിവന്ന അവശതകളുടെ ഫലമായിട്ട് അദ്ദേഹം മരിച്ചിരിക്കുകയാണ്. അദ്ദേഹം ആ അവശതകൾ അനുഭവിച്ചത് ഇൻഡ്യയിലെ സാധാരണക്കാർക്കുവേണ്ടിയാണ്. ഇൻഡ്യയിലെ സാധാരണ ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ് അദ്ദേഹം മുന്നോട്ട് നീങ്ങിയത്.

സർ, വളരെക്കാലം അദ്ദേഹം രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്ന് വിട്ടുമാറി നിൽക്കുകയുണ്ടായി. അങ്ങനെ വിട്ടുമാറിനിന്ന സമയത്ത് ക്രിയാത്മകമായ പ്രവർത്തനങ്ങൾ സർവോദയപ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹം നടത്തുകയുണ്ടായി. വിനോബാഭാവേയിൽനിന്നും വ്യത്യസ്തമായ ഒരു സമീപനം പല കാര്യങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടാൻ ഈ പ്രത്യേകമായ സമീപനം ഉപകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സർ, കൊല്ലങ്ങളായി ഇൻഡ്യയിൽ നടപ്പാക്കിവരുന്നതായ കാർഷിക പരിഷ്ക്കാര പ്രവർത്തനങ്ങൾക്കെല്ലാം തന്നെ മുന്നണി പടയാളിയായി ശ്രീ. ജയപ്രകാശ് ഉണ്ടായിരുന്നു. വളരെ കൊല്ലങ്ങൾക്കുമുമ്പ് 1955-ൽ ഒരു ഭൂദാനയജ്ഞയാത്ര അദ്ദേഹം കേരളത്തിൽ നടത്തുകയുണ്ടായി. കാഞ്ഞങ്ങാട്ടുനിന്ന് തുടങ്ങി തിരുവനന്തപുരത്ത് അവസാനിപ്പിച്ചു. കാഞ്ഞങ്ങാട്ട് അദ്ദേഹവും അദ്ദേഹത്തിന്റെ പത്നിയും കഴിച്ചുകൂട്ടിയത് ഞാൻ താമസിച്ചിരുന്ന വീട്ടിലായിരുന്നു. ഏതാണ്ട് 35 കൊല്ലത്തോളം—സർവ്വോദയ പ്രവർത്തനത്തിലേക്ക് പോകുന്നതിന് മുമ്പുള്ള കാലഘട്ടം—അദ്ദേഹവുമായി ബന്ധപ്പെടാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ആ കാലത്ത് മഹത്തായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീ. ജെ. പി. യെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നു. ശ്രീമാൻ ജെ. പി. അദ്ദേഹത്തിന്റെ അവസാനകാലത്ത് രാഷ്ട്രീയത്തിലേക്ക് മടങ്ങിവരികയുണ്ടായി. ശ്രീ. ജെ. പി. ഒരു തരത്തിൽ രാഷ്ട്രീയത്തിലേക്ക് മടങ്ങിവന്നു എന്നു പറയാം. എന്റെ രാഷ്ട്രീയപാർട്ടി അദ്ദേഹത്തിന്റെ സംഭാവനയാണ്. ജനതാപാർട്ടി ഉണ്ടാക്കിയത് അദ്ദേഹമാണ്. ആ പാർട്ടി ശ്രീ. ജെ. പി. യുടെ ആശയങ്ങൾ എത്രമാത്രം നടപ്പിലാക്കും എന്നുള്ളത് ഭാവി ചരിത്രകാരൻ കുറിക്കട്ടെ. എന്നാൽ ഒരു കാര്യം തീർത്തു പറയാൻ സാധിക്കും, ആയിരമായിരം കൊല്ലങ്ങൾക്കുശേഷം ഇൻഡ്യയുടെ ചരിത്രം അന്നത്തെ ചരിത്രകാരൻമാർ എഴുതുമ്പോൾ ഈ കാലഘട്ടം ഒരൊറ്റ വാചകത്തിൽ പൂർത്തീകരിക്കേണ്ടതായ ചുമതല ചരിത്രകാരനുണ്ടായാലും ആ വാചകത്തിനുള്ളിൽ ശ്രീ. ജെ. പി. ഉണ്ടാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ, അദ്ദേഹം ഇൻഡ്യയിലെ ഭാവി തലമുറയ്ക്ക് ഇന്നും എന്നും നേതൃത്വം നൽകും. ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

ശ്രീ. പി. എം. അബുബേക്കർ: സർ, നമ്മുടെ ദേശീയ ജീവിതത്തിൽ, വ്യത്യസ്തമായ, നിർണ്ണായകമായ ഘട്ടങ്ങളിൽ, വ്യത്യസ്തമായ തലമുറകൾക്ക് നേതൃത്വം നൽകാൻ സാധിച്ചിട്ടുള്ള ഇൻഡ്യയിലെ അപൂർവ്വം ചില രാഷ്ട്രീയ നേതാക്കളിൽ ഒരാളാണ് ശ്രീ. ജയപ്രകാശ് നാരായൺ. കോൺഗ്രസ്സുകാരനായിനിന്നുകൊണ്ട്, സോഷ്യലിസത്തിന്റെ വക്താവും സോഷ്യലിസത്തിന്റെ പര്യായവും സോഷ്യലിസത്തിന്റെ പ്രതീകവുമെന്നുള്ള നിലയിൽ അദ്ദേഹം ഈ രാജ്യത്ത് അറിയപ്പെട്ടു. നമ്മുടെ നാടു സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിയിരുന്ന കാലഘട്ടത്തിൽ, കൽത്തുറുങ്കിൽ അടക്കപ്പെട്ടിരുന്ന ശ്രീ. ജയപ്രകാശ് നാരായൺ ജയിലിൽനിന്നു ചാടി, ഒളിവിലിരുന്നുകൊണ്ട് വിപ്ലവപ്രസ്ഥാനത്തിന് നേതൃത്വം നൽകി. ആ കാലഘട്ടത്തിൽ ഇന്ത്യയിലെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാവിധത്തിലുള്ള ആവേശവും രോമാഞ്ചവും അദ്ദേഹമായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള കാലഘട്ടത്തിൽ അധികാരത്തിന്റെ സോപാനത്തിലേക്കു എളുപ്പം കടന്നുപോകുന്നതിനുള്ള സൗകര്യമുണ്ടായിരുന്നിട്ടും അതിൽനിന്നെല്ലാം അകന്നുനിന്നുകൊണ്ട് ജനങ്ങളെ സേവിക്കുന്നതിനുവേണ്ടിയുള്ള മനഃസ്ഥിതിയാണ് ജയപ്രകാശ് നാരായണനിൽ കാണാൻകഴിഞ്ഞത്.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള നമ്മുടെ രാജ്യത്തിന്റെ ഭരണത്തിൽ അഴിമതി തലപൊക്കിയപ്പോൾ, സ്വേച്ഛാധികാരം തലപൊക്കിയപ്പോൾ അതിനെതിരെ വിപ്ലവമില്ലാത്ത, സന്ധിയില്ലാത്ത സമരത്തിൽ ജയപ്രകാശ് നാരായൺ ഏർപ്പെട്ടു. നമ്മുടെ നാട്ടിൽ ജനാധിപത്യത്തെതന്നെ കൽത്തുറങ്കിൽ അടച്ചിരുന്ന ഒരു സാഹചര്യത്തിൽ, ശ്രീ. ചന്ദ്രശേഖർൻ ഇവിടെ സൂചിപ്പിച്ചതുപ്പോലെ രണ്ടാമത് ഒരു സ്വാതന്ത്ര്യസമരം നടത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടം വന്നപ്പോഴും, ആ കാലഘട്ടത്തിൽ ജനാധിപത്യം വീണ്ടെടുക്കുന്നതിനുവേണ്ടി, കൽത്തുറുങ്കിൽ അടക്കപ്പെട്ട ജനാധിപത്യം വീണ്ടെടുക്കുന്നതിനുവേണ്ടി നടന്ന സമരത്തിൽ ശ്രീ ജയപ്രകാശ് നാരായൺ ഈ നാട്ടിലെ ജനങ്ങളുടെ മുമ്പാകെ ഉണ്ടായിരുന്നു. അദ്ദേഹത്തിനു അനുഭവിക്കേണ്ടിവന്ന യാതനകളെക്കുറിച്ച് ഈ സന്ദർഭത്തിൽ അധികമൊന്നും സംസാരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എഴുപതുവയസ് കഴിഞ്ഞതിനുശേഷം തികച്ചും അനാരോഗ്യകരമായ ഒരു സാഹചര്യത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ, അദ്ദേഹത്തെ കൽത്തുറുങ്കിൽ അടച്ചപ്പോഴും ജയിലിൽവച്ച് അദ്ദേഹം ഇങ്ങനെ എഴുതി: ''ഞാൻ ചുറ്റും കാണുന്ന ലോകം അധഃപതനത്തിന്റേയും തകർച്ചയുടേയും ലോകമാണ്; എന്റെ ശേഷിച്ചുള്ള ആയുഷ്കാലത്തിൽ ഇതെല്ലാം ശരിയാകുമെന്ന പ്രതീക്ഷ എനിക്കില്ല; പിൻതലമുറ അത് കാണും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്''. ശ്രീ. ജയപ്രകാശ് നാരായൺ ഇന്ന് നമ്മെ വിട്ടുപിരിഞ്ഞു. പക്ഷേ അദ്ദേഹം മുന്നിൽകണ്ട തകർച്ചയും അധഃപതനവും എല്ലാം ഇന്നുതുടരുകയാണ്. അത് ശരിപ്പെടുത്തുന്നതിനുവേണ്ടിയുള്ള സമരത്തിൽ നമ്മുടെ നാട്ടിലെ ആളുകൾ അവരുടെ പങ്ക് നിർവ്വഹിക്കപ്പെട്ടു എന്നു ആശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വിയോഗത്തിൽ അഗാധമായ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ പാർട്ടിയുടെയും എന്റെയും ആദരാഞ്ജലികൾ ഞാൻ അർപ്പിക്കുകയാണ്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, താങ്ങാനാവാത്ത ദുഃഖഭാരത്തോടുകൂടി നമ്മുടെ നേതാവായ ശ്രീ. ജയപ്രകാശ് നാരായണന്റെ സ്മരണയ്ക്കുമുമ്പിൽ എന്റെയും എന്റെ കക്ഷിയുടേയും ഹൃദയപൂർവ്വം ആദരാഞ്ജലികൾ ഞാൻ അർപ്പിക്കുകയാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വേർപാടിനുശേഷം നമ്മുടെ രാഷ്ട്രത്തിന് സംഭവിച്ചിട്ടുള്ള ഏറ്റവും കനത്ത നഷ്ടമാണ് ശ്രീ. ജയപ്രകാശ് നാരായണന്റെ വേർപാടുമൂലം നമുക്ക് ഉണ്ടായിട്ടുള്ളത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ജയപ്രകാശ് നാരായണനെപ്പോലെ ത്യാഗം അനുഭവിച്ച ഒരു നേതാവിനെ നമ്മുടെ രാഷ്ട്രം കണ്ടിട്ടില്ലായെന്നുള്ളത് ഒരു സത്യം മാത്രമാണ്. നമ്മുടെ ദേശീയനേതാക്കൻമാരായ മഹാത്മഗാന്ധിയേപ്പോലുള്ള നേതാക്കൻമാരെയെല്ലാംതന്നെ ജയിലിൽ അടക്കപ്പെട്ടപ്പോഴും അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ആവറെ ഉച്ചത്തിൽ പറഞ്ഞു: 'ഒരു നായ്ക്കളും കുരയ്ക്കുകയില്ല ഈ നേതാക്കൻമാരെ ജയിലിലിട്ട് അടച്ചാൽ' എന്ന്. പക്ഷേ പിന്നീട് എന്തുസംഭവിച്ചു എന്നുള്ള കാര്യം നാം നിശ്ചയമായും സ്മരിക്കേണ്ടതാണ്. ആ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം നമ്മുടെയെല്ലാം അഭിവന്ദ്യ നേതാവായ ശ്രീ. ജയപ്രകാശ് നാരായൺ ഏറ്റെടുത്തു. ശ്രീ. ജയപ്രകാശ് നാരായൺ ക്വിറ്റിൻഡ്യാ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി ആസേതുഹിമാചലം സ്വാതന്ത്ര്യത്തിന്റെ സമരാഗ്നി ആളികത്തി, ഇൻഡ്യയിലെ കർഷകരും, തൊഴിലാളികളും, വിദ്യാർത്ഥികളും, ഇടത്തരക്കാരും ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുമായ കോടിക്കണക്കിന് ജനങ്ങളും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻവേണ്ടി, എന്ത് ത്യാഗങ്ങളും സഹിക്കാനും പോലീസിന്റെയും പട്ടാളത്തിന്റേയും തോക്കുകളേയും പീരങ്കികളെയും സ്വാഗതം ചെയ്തുകൊണ്ട്, തങ്ങളുടെ നെഞ്ച് കാട്ടിക്കൊണ്ട് മുന്നോട്ടുവന്നു. അദ്ദേഹം രൂപീകരിച്ച കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ ആദ്യം മുതൽക്കേയുള്ള ഒരു എളിയ പ്രവർത്തകൻ എന്നുള്ള നിലയിൽ, ക്വിറ്റിൻഡ്യാ സമരത്തിൽ പങ്കെടുത്തുകൊണ്ട് ജയിൽവാസം അനുഭവിക്കാൻ സാധിച്ചിട്ടുള്ള ഒരു എളിയ രാഷ്ട്രീയ പ്രവർത്തകൻ എന്നുള്ള നിലയിൽ, വാസ്തവത്തിൽ ആവേശകരമായ ആ

LIBRARY ARCHIVES Kerala Legislative Assembly

മഹത്തായ ആഗസ്റ്റ് വിപ്ലവത്തിൽ ഞങ്ങളെയെല്ലാംതന്നെ പാർപ്പിച്ചിരുന്ന ആലിപുരം ജയിലിൽ ഞങ്ങൾക്ക് കാണാൻ സാധിച്ചിട്ടുള്ളത് ആന്ധ്രയിലേയും, തമിഴ്നാട്ടിലേയും, കർണ്ണാടകത്തിലേയും, കേരളത്തിലേയും യുവാക്കൻമാർ, വിദ്യാർത്ഥികൾ ആയിരമായിരം വിദ്യാർത്ഥികൾ കോളേജുകൾ ബഹിഷ്കരിച്ചുകൊണ്ട് ആവേശത്തോടുകൂടി സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ട് ആ ജയിലിൽ കൊണ്ടേയ്ക്കപ്പെട്ട കാഴ്ച യാണ്. ആ കാഴ്ച ഞാൻ ഇന്നും സ്മരിക്കുകയാണ്. ആ സ്വാതന്ത്ര്യ സമരത്തിൽ നമ്മുടെ അഭിവന്ദ്യനായ ശ്രീ. ജയപ്രകാശ് നാരായൺ അനുഭവിച്ചതുപോലെ ഇത്രമാത്രം ക്രൂശിക്കപ്പെട്ട അനുഭവം ഇൻഡ്യയിലെ അല്ലെങ്കിൽ ലോകത്തിലെതന്നെ ഒരു നേതാവിനും ഉണ്ടായിട്ടില്ല. അദ്ദേഹത്തെ കൈയ്യും കാലും ആമം വച്ചുകൊണ്ട് ഐസിൽ കിടത്തി മരവിപ്പിക്കാനുള്ള ക്രൂരത ബ്രിട്ടീഷ് ഗവൺമെൻറ് ചെയ്തു എന്നുള്ള ദുഃഖസത്യം ഞാൻ ഇന്നും സ്മരിക്കുകയാണ്. അങ്ങനെ ഈ രാജ്യത്തെ രാഷ്ട്രീയ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രത്തിൽ മറ്റാരേക്കാളും മുൻപന്തി യിൽനിന്നുകൊണ്ട് ഇവിടത്തെ യുവതലമുറയ്ക്ക് ആവേശം പകർന്നു കൊടുത്തുകൊണ്ട് ഈ രാജ്യത്തെ കൃഷിക്കാരേയും തൊഴിലാളികളേയും സംഘടിപ്പിച്ചുകൊണ്ട്, സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞാൽ ആ സ്വാതന്ത്ര്യം ഈ നാട്ടിലെ ജന്മി-മുതലാളിത്ത വർഗ്ഗത്തിൻെറ കൈയ്യിലേക്ക് പോകാതെ ഈ രാജ്യത്തിലെ കൃഷിക്കാരിലേക്കും അതുപോലെതന്നെ തൊഴിലാളികളി ലേക്കും സാമാന്യജനങ്ങളിലേക്കും പകരുവാൻ സാധിക്കണമെന്ന ആഗ്രഹ ത്തോടുകൂടി ജനാധിപത്യസോഷ്യലിസമെന്ന മഹത്തായ മുദ്രാവാക്യം വിളിച്ചുകൊണ്ട് അദ്ദേഹം ഇൻഡ്യയിലെ യുവജനങ്ങൾക്ക് ആവേശം നൽകി. ആ മഹാനായ നേതാവിനെ അന്ന് കവിറ്റിൻഡ്യാ സമരത്തിന് നേതൃത്വം കൊടുത്ത ആ നേതാവിനെ ജപ്പാൻെറ ഏജൻറായി ചിത്രീകരിക്കാൻ പോലും ഈ രാജ്യത്ത് ആളുകളുണ്ടായി എന്നുള്ള യഥാർത്ഥ്യം ദുഃഖത്തോടു കൂടി മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ ഇൻഡ്യയ്ക്ക് മുഴുവനുംതന്നെ നേതൃത്വം കൊടുത്ത ആ മഹാനായ നേതാവ് ഇന്ന് നമുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. അദ്ദേഹം നമ്മുടെ രാജ്യത്തിന് കാഴ്ചവച്ച ആ മഹത്തായ ലക്ഷ്യമായ ജനാധിപത്യ സോഷ്യലിസത്തിലേക്ക് എത്തുവാൻ നാം പ്രതിജ്ഞ എടുക്കുക. അതായിരിക്കും ശ്രീ. ജയപ്രകാശ് നാരായണ നോട് നമുക്ക് ചെയ്യാൻ സാധിക്കുന്ന ഏറ്റവും വലിയ ആദരവ്. ആ വന്ദ്യനായ ലോകനായകൻ, ജയപ്രകാശ് നാരായണൻെറ പാവനമായ സ്മരണയ്ക്കുമുമ്പിൽ എൻെറയും എൻെറ എളിയ കക്ഷികളുടെയും ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ശ്രീ. ജയപ്രകാശ് നാരായണൻെറ നിര്യാണത്തിൽ ഈ സഭയിൽ പ്രകടിപ്പിക്കപ്പെട്ട വികാരങ്ങൾതന്നെയാണ് എനിക്കും എൻെറ പാർട്ടിക്കുമുള്ളത്. നമ്മുടെ രാഷ്ട്രത്തിൻെറ ചരിത്ര ത്തിൽ മൂന്ന് മഹത്തായ സ്വാതന്ത്ര്യസമരങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു മഹാനെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. ഒന്നാമത്തേത് രാഷ്ട്രീയ മായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സ്വാതന്ത്ര്യസമരംതന്നെയാണ്. ശ്രീ. ജയപ്രകാശ് നാരായൺ നിഷ്കളങ്കമായ രാജ്യസ്നേഹവും ഉറച്ച ദേശിയബോധവുമുള്ള മഹാനായ ഒരു നേതാവായിരുന്നു. ജനാധിപത്യ മൂല്യങ്ങളുടെ പ്രതീകമായിരുന്നു അദ്ദേഹം. വ്യക്തി സ്വാതന്ത്ര്യത്തേയും മനുഷ്യൻെറ അന്തസ്സിൻെറ മൂല്യങ്ങളേയും വളരെയധികം മാനിച്ചിരുന്ന ഒരു മഹനായിരുന്ന അദ്ദേഹം. ആ വികാരംതന്നെയാണ് രാഷ്ട്രത്തിന് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുള്ള സമരത്തിലേത്ത് അദ്ദേഹത്തെ ആകർഷിച്ചത്. രണ്ടാമത്തേത് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം



LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികരംഗത്തും സാമൂഹികരംഗത്തും സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സമരമായിരുന്നു. അവിടെ അദ്ദേഹം അതിനുള്ള മാർഗ്ഗമായി കണ്ടത് അധികാരമായിരുന്നില്ല. അധികാര രാഷ്ട്രീയത്തിൽനിന്നും പരിപൂർണ്ണമായി മാറിനിന്നുകൊണ്ട് സാമൂഹിക സാമ്പത്തിക രംഗത്തെ നീതിക്കുവേണ്ടി അദ്ദേഹം സമരം ചെയ്തു. ആ രംഗത്താണ് അദ്ദേഹത്തെ ഒരു സോഷ്യലിസ്റ്റായിട്ട് കാണാൻ കഴിയുക. സോഷ്യലിസ്റ്റ് ലക്ഷ്യത്തിന് അദ്ദേഹത്തിന്റെ മേലുള്ള സ്വാധീനം വളരെ ശക്തമായിരുന്നു. അതേസമയം ഗാന്ധിയൻ മാർഗ്ഗവും അദ്ദേഹത്തെ ക്രമേണ ക്രമേണ ആകർഷിച്ചു. സോഷ്യലിസ്റ്റ് ലക്ഷ്യവും ഗാന്ധിയൻ മാർഗ്ഗവും തമ്മിൽ ബന്ധപ്പെടുത്താനും പൊരുത്തപ്പെടുത്താനുമുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട കാലഘട്ടം. സാമൂഹ്യ നീതി നേടിയെടുക്കുന്നതിനുവേണ്ടി സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ മുഴുകാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. ആ സൃഷ്ടിപരമായ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന് അതിന് അർഹമായ പ്രതിഫലവും മാഗ്സേസെ അവാർഡിലൂടെ അംഗീകാരമായി ലഭിക്കുകയും ചെയ്തു. അദ്ദേഹം നയിച്ച മൂന്നാമത് സ്വാതന്ത്ര്യസമരം ഏറ്റവും മഹത്തരമായിട്ടുള്ളതാണ്; പാർലമെന്ററി ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുള്ള സമരം. ഈ രാജ്യത്ത് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ അപകടത്തെക്കുറിച്ച് അദ്ദേഹം വളരെ ബോധവാനായിരുന്നു. ആ അപകടത്തിൽനിന്ന് പാർലമെന്ററി ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള സമരമാണ് അദ്ദേഹം നയിച്ച മൂന്നാമത്തെ സമരം. ഇവിടെ വർദ്ധിച്ചുവരുന്ന അച്ചടക്കമില്ലായ്മയുടെ ഫലമായി, വർദ്ധിച്ചുവരുന്ന രാഷ്ട്രീയ പാർട്ടികളുടെ എണ്ണവും ഉറപ്പില്ലായ്മയും അതിന്റെ ഫലമായി ഭരണരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്ഥിരതയും പാർലമെന്ററി ജനാധിപത്യത്തെ അപകടപ്പെടുത്തുമെന്നുള്ള ഉറച്ചബോധം അദ്ദേഹത്തിനുണ്ടായിരുന്നു. അതിന്റെ ഫലമായി ചെറിയ ചെറിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ യോജിച്ചുകൊണ്ട് ഒന്നോ രണ്ടോ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഈ രാജ്യത്ത് ഉടലെടുക്കണമെന്നും ശക്തി പ്രാപിക്കണമെന്നും അങ്ങനെ മധ്യേ പാർട്ടിസിസ്റ്റത്തിന്റെ അപകടത്തിൽനിന്നും പാർലമെന്ററി ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുംവേണ്ടിയുള്ള സമരത്തിനാണ് അദ്ദേഹം അവസാനമായി നേതൃത്വം നൽകിയത്. ആ സമരം വിജയിപ്പിക്കാനുള്ള ഉത്തരവാദിത്വം നമ്മുടെ രാഷ്ട്രീയ രംഗത്തുള്ള നേതാക്കൻമാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും അദ്ദേഹത്തിന്റെ സ്മരണക്കു മുമ്പിൽ ആദരാജ്ഞലികളം അർപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകളം ചുരുക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജയപ്രകാശ് നാരായണന്റെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതിനുവേണ്ടി നമുക്ക് അല്പ സമയം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദര സൂചകമായി സഭ ഒന്നടങ്കം എഴുന്നേറ്റുനിന്ന് രണ്ടു മിനിറ്റുനേരം മൗനം ആചരിച്ചു.)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 ഒക്ടോബർ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 10.5-ന് പിരിഞ്ഞു.

---

LIBRARY ARCHIVES Kerala Legislative Assembly